**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6783 10.07.2014-ലെ മറുപടിക്ക്**

## പുതിയ മെഡിക്കൽ കോളേജുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കോടിയേരി ബാലകൃഷ്ണൻ | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ട പുതിയ മെഡിക്കൽ കോളേജുകൾ എന്നത്തേക്ക് യാഥാർത്ഥ്യമാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്താമോ? | ബഡ്ജറ്റ് പ്രഖ്യാപനങ്ങളിൽ ഉൾപ്പെട്ട പുതിയ മെഡിക്കൽ കോളേജുകളിൽ മഞ്ചേരി സർക്കാർ മെഡിക്കൽ കോളേജ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. ഇടുക്കിയിൽ മെഡിക്കൽ കോളേജ് ആരംഭിക്കുന്നതിനു വേണ്ടി മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ പരിശോധന നടന്നു കഴിഞ്ഞിട്ടുണ്ട്. അനുമതി ലഭിക്കുന്ന പക്ഷം 2014-15 അധ്യയനവർഷത്തിൽ പ്രവേശനം നടത്താൻ സാധിക്കുന്നതാണ്. നബാർഡിന്റെ സഹായത്തോടെ നിർമ്മിക്കുന്ന കോന്നി മെഡിക്കൽ കോളേജിന്റെ തറക്കല്ലിടീൽ കഴിഞ്ഞിട്ടുണ്ട്. 300 കിടക്കകളുള്ള ആശുപ്രതിയുടെ നിർമ്മാണം പുരോഗമിച്ചു വരുന്നു. കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റോഡ്, ജലം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. തിരുവനന്തപുരത്ത് ആരംഭിക്കുന്ന മെഡിക്കൽ കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ ടെണ്ടർ ക്ഷണിച്ചു കഴിഞ്ഞിട്ടുണ്ട്. 2015-16 അധ്യയന വർഷത്തിൽ തിരുവനന്തപുരത്ത് പുതിയ മെഡിക്കൽ കോളേജ് പ്രവർത്തന സജ്ജമാകുമെന്നാണ് പ്രതീക്ഷിക്കപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ